# Athmaraksha.org

വചനത്തിന്റെ ശക്തിയും, വിശ്വാസവും

## ദൈവകല്പനകൾ പത്ത് വി.ബൈബിളിൽ




നിന്റെ ദൈവമായ കർത്താവിന്റെ വാക്കുകേട്ട് ഇന്നു ഞാൻ നിനക്കു നൽകുന്ന കൽപനകളെല്ലാം സൂക്ഷ്മമായി പാലിക്കുമെങ്കിൽ അവിടുന്ന് നിന്നെ ഭൂമിയിലെ മറ്റെല്ലാ ജനതകളെയുംകാൾ ഉന്നതനാക്കും. അവിടുത്തെ വചനം ശ്രവിച്ചാൽ അവിടുന്ന് ഈ അനുഗ്രഹങ്ങളെല്ലാം നിന്റെമേൽ ചൊരിയും. നിന്റെ സന്തതികളും വിളവുകളും മൃഗങ്ങളും കന്നുകാലിക്കൂട്ടവും ആട്ടിൻപറ്റവും അനുഗ്രഹിക്കപ്പെടും (നിയമാവർത്തനം 28:1,2,4).

1. നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്. 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്നു നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്. ഞാനല്ലാതെ വേറെ ദേവൻമാർ നിനക്കുണ്ടാകരുത് (പുറപ്പാട് 20: 2-3).

2. ദൈവത്തിന്റെ തിരുനാമം വൃഥാ പ്രയോഗിക്കരുത്. 'നിന്റെ ദൈവമായ കർത്താവിന്റെ നാമം വൃഥാ ഉപയോഗിക്കരുത് (പുറപ്പാട് 20:7)

3. കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം. 'സാബത്തു വിശുദ്ധദിനമായി ആചരിക്കണമെന്ന് ഓർക്കുക' (പുറപ്പാട് 20:8).

4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം. 'നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേണ്ടതിന് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക' (പുറപ്പാട് 20:12).

5. കൊല്ലരുത്. 'കൊല്ലരുത്' (പുറപ്പാട് 20:13).

6. വ്യഭിചാരം ചെയ്യരുത്. 'വ്യഭിചാരം ചെയ്യരുത്' (പുറപ്പാട് 20:14).

7. മോഷ്ടിക്കരുത്. 'മോഷ്ടിക്കരുത്' (പുറപ്പാട് 20:15)

8. കള്ളസാക്ഷി പറയരുത്. 'അയൽക്കാരനെതിരായി വ്യാജസാക്ഷ്യം നൽകരുത് (പുറപ്പാട് 20:16).

9. അന്യന്റെ ഭാര്യയെ മോഹിക്കരുത്. 'അയല്ക്കാരന്റെ ഭവനം മോഹിക്കരുത്; അയൽക്കാരന്റെ ഭാര്യയെയോ, ദാസനനെയോ, ദസിയെയോ, കാളയെയോ, കഴുതയേയോ, അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത് (പുറപ്പാട് 20:17).

10. അന്യന്റെ വസ്തുക്കൾ മോഹിക്കരുത്. 'അയൽക്കാരന്റെ ഭാര്യയേയോ, ദാസനെയോ,ദാസിയേയോ, കാളയേയോ, കഴുതയേയോ, അവന്റെ മറ്റെന്തെങ്കിലുമോ മോഹിക്കരുത് (പുറപ്പാട് 20:17).